പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 597 5.6.2018 ലെ മറുപടിക്ക്

**ചകിരി ഉൽപ്പാദനവും തൊഴിലാളി ക്ഷേമവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയിൽ ഈ സർക്കാർ നാളിതുവരെ ശേഖരിച്ച തൊണ്ടുകൾ ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി പ്രകാരം നാളിതുവരെ ശേഖരിച്ച തൊണ്ടുകൾ കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ അസംസ്കൃത വസ്തുവായ ചകിരിയുടെ ഉൽപ്പാദനത്തിന് വിനിയോഗിച്ചു. |
| ബി) പ്രസ്തുത പദ്ധതികൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ കയർ മേഖലയിലുള്ള തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയുടെ പ്രധാന പ്രയോജനം കയർ സഹകരണ സംഘങ്ങൾക്ക് കയർ മേഖലയിലെ അസംസ്കൃത വസ്തുവായ പച്ചത്തൊണ്ടിന്റെ ചകിരിയും അഴുക്ക തൊണ്ടിന്റെ ചകിരിയും സുഗമമായി ലഭ്യമാകുന്നു എന്നുള്ളതാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രോജക്ടുകൾക്കു കീഴിൽ 100 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിലേക്കായി 8,15,00,000/- രൂപ കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിക്ക് അനുവദിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 500 മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. 36 മില്ലുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനെ പൂർത്തിയാകും. |
| സി) ഈ പദ്ധതികൊണ്ട് തൊഴിലാളികൾക്കു നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ; | സി) നിലവിലുള്ള തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിപ്രകാരം തൊണ്ട് ശേഖരിച്ചു നൽകുന്ന തൊഴിലാളികൾക്ക് പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് 160/- രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിന് 20/- രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു. ഉണക്കത്തൊണ്ടിന് 600 എണ്ണത്തിന് 150/- രൂപയും അധിക ഓരോ 100 എണ്ണത്തിന് 25/- രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു. |

..2...

| | |
|---|---|
| ഡി) ഈ പദ്ധതി പ്രകാരം ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ കയർ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയിലൂടെ ചകിരി ലഭ്യത സുഗമമാകുകയും അതുവഴി തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിക്കുകയും തത്ഫലമായി അവർക്ക് വരുമാന വർദ്ധനവുണ്ടാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ